**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*124** **12.07.2016 ൽ മറുപടിയ്ക്ക്**

**റബർ വിലത്തകർച്ച**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. ആർ. രാജേഷ് | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബറിന്റെ വിലത്തകർച്ച മൂലം റബർ കർഷകർ നേരിടുന്ന പ്രതിസന്ധി അവലോകനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. റബറിന്റെ വിലയിടിവ് സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഗുരുതര പ്രത്യാഘാതം ഉണ്ടാക്കിയിട്ടുണ്ട്. റബർ കൃഷി പ്രധാന വരുമാന മാർഗ്ഗമായ സംസ്ഥാനത്തിന്റെ മലയോര മേഖലയിലെ സമ്പദ്ഘടനയെ റബർ വിലയിടിവ് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) വിലത്തകർച്ച തടയാൻ മുൻ സർക്കാരിന്റെ ഇടപെടൽ ഫലപ്രദമാകാതെ പോയതായുള്ള ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) ഇറക്കുമതി നിയന്ത്രിക്കുന്നതിനും റബ്ബറൈസ്ഡ് ടാറിംഗ് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | (സി) | ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേരള സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടയർ ലോബിയുടെ സമ്മർദ്ധത്തിന് വഴങ്ങി കൂടുതൽ ഇറക്കുമതി അനുവദിക്കുന്ന നയമാണ് കേന്ദ്രസർക്കാർ തുടർന്നു വരുന്നത്. റബറൈസ്ഡ് ടാറിംഗ് ഉൾപ്പെടെ റബറിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**